# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1707 — 13.07.2011-ൽ മറുപടിക്ക്.

## കെ.എസ്.ഐ.ഡി.സി-യുടെ കിട്ടാക്കടങ്ങളുടെ വിശദാംശം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) കെ.എസ്.ഐ.ഡി.സി-യുടെ ഇപ്പോഴത്തെ കിട്ടാക്കടം എത്രയാണ് ; കഴിഞ്ഞ അഞ്ചു വർഷക്കാലമായി കിട്ടാക്കടത്തിന്റെ ശതമാനം എത്രത്തോളം വർദ്ധിച്ചിട്ടുണ്ട് ; ഇവ കുറയ്ക്കുന്നതിന് ഏതെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (എ) കെ.എസ്.ഐ.ഡി.സി-യുടെ ഇപ്പോഴത്തെ കിട്ടാക്കടം 63.08 കോടി രൂപയാണ്. വർദ്ധിച്ചിട്ടില്ല, പകരം കഴിഞ്ഞ അഞ്ചു വർഷം കൊണ്ട് കിട്ടാക്കടത്തിന്റെ ശതമാനം 43%-ത്തിൽ നിന്ന് 25 ശതമാനമായി കുറയുകയാണുണ്ടായത്. |
| (ബി) കെ.എസ്.ഐ.ഡി.സി-ക്ക് കഴിഞ്ഞ അഞ്ചു വർഷക്കാലം സർക്കാരിൽ നിന്നും വായ്പയായി, ഓഹരിയായി ഓരോ വർഷവും എത്ര തുക ലഭിച്ചിട്ടുണ്ട് ; ഏതെല്ലാം പദ്ധതികൾക്കാണ് പ്രസ്തുത തുക അനുവദിച്ചിട്ടുള്ളത് ; പ്രസ്തുത പദ്ധതികൾക്ക് ഓരോന്നിനും ഇതിനോടകം എന്തു തുക ചെലവഴിക്കുകയുണ്ടായി ; അവയിൽ എത്ര പദ്ധതികൾ ഇതിനകം പൂർത്തിയായി ; | (ബി) 2006-2007, 2007-2008 കാലഘട്ടത്തിൽ സർക്കാരിൽ നിന്നും ഓഹരി / വായ്പ ലഭിച്ചിട്ടില്ല. |

രൂപ (കോടി)

| വർഷം | ഓഹരി മൂലധനം | വായ്പ | ഐ.ജി.സി |
|---|---|---|---|
| 2008-2009 | 1 | — | -- |
| 2009-2010 | 1 | 1 | 45 |
| 2010-2011 | 65 | 25 | -- |

ഏതെല്ലാം പദ്ധതികൾക്കാണ് തുക ചെലവഴിച്ചത് എന്ന് അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.

| ചോദ്യം | ഉത്തരം |
|---|---|
| (സി) മിച്ചമുള്ള തുക എത്രയെന്നും അത് ഏതു ട്രഷറിയിൽ നിക്ഷേപിച്ചിരിക്കുന്നുവെന്നും വ്യക്തമാക്കുമോ ; | (സി) മിച്ചമുള്ള തുക സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ഏകദേശം 28.47 കോടി രൂപ ജില്ലാ ട്രഷറിയിൽ 31.03.2011-ൽ നിക്ഷേപമായിട്ടുണ്ട്. |

(ഡി) 2011-2012-ലേക്ക് എത്ര തുകയാണ് സർക്കാർ വകയിരുത്തിയിരിക്കുന്നത് ; അത് ഏതെല്ലാം പദ്ധതികൾ-ക്കാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) 2011-2012 വാർഷിക പദ്ധതിയിൽ കെ.എസ്.ഐ.ഡി.സി.-ക്ക് 68 കോടി രൂപ താഴെപ്പറയുന്ന പദ്ധതികൾക്കായി വകയിരുത്തിയിരുന്നു.

| | തുടർ പദ്ധതി | രൂപ ലക്ഷത്തിൽ |
|---|---|---|
| 1 | ലൈഫ് സയൻസ് പാർക്ക്, തിരുവനന്തപുരം. | 500 |
| 2 | ചീമേനി താപ വൈദ്യുത നിലയം, കാസർഗോഡ്. | 400 |
| 3 | ഹൈ സ്പീഡ് റെയിൽ കോറിഡോർ, കാസർഗോഡ്-തിരുവനന്തപുരം. | 900 |
| 4 | ടൈറ്റാനിയം കോംപ്ലക്സ്, ചവറ, കൊല്ലം. | 500 |
| 5 | ഇലക്ട്രോണിക്സ് ഹാർഡ് വെയർ പാർക്ക്, കൊച്ചി. | 900 |
| 6 | കൊച്ചി-കോയമ്പത്തൂർ വ്യവസായിക ഇടനാഴി. | 500 |
| 7 | സപ്ലിമെന്ററി ഗ്യാസ് ഇൻഫ്രാസ്ട്രക്ചർ ഇൻ കേരള. | 1200 |
| 8 | വ്യവസായ വികസന കേന്ദ്രം, കണ്ണൂർ (വികസനം). | 600 |
| 9 | വ്യവസായിക പാർക്കുകളിലേയ്ക്കുള്ള റോഡ് പുനരുദ്ധാരണം. | 400 |
| 10 | കോക്കനട്ട് ഇൻഡസ്ട്രിയൽ പാർക്ക്, കുറ്റ്യാടി. | 500 |
| 11 | ഓർഗാനിക് ഇൻഡസ്ട്രിയൽ പാർക്ക്, കൊടുങ്ങല്ലൂർ. | 100 |
| | പുതിയ പദ്ധതി | |
| 12 | മെഡിക്കൽ & ഹെൽത്ത്കെയർ പാർക്ക്, നാദാപുരം. | 300 |
| | TOTAL | 6800 |

പ്രസ്തുത തുക 08.07.2011-ലെ 'Alteration Memorandum' പ്രകാരം 58 കോടി രൂപയായി കുറച്ചിട്ടുണ്ട്.

(ഇ) കെ.എസ്.ഐ.ഡി.സി.-യിലെ ഉന്നത തസ്തികകളിൽ നിയമനങ്ങൾ നടത്തുമ്പോൾ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിലെ 96 (V) വകുപ്പ് അനുസരിച്ച് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതുണ്ടോ ; പ്രസ്തുത ആർട്ടിക്കിൾ പ്രകാരം സർക്കാരിലെപോലെ നിയമനങ്ങളിൽ പ്രഖ്യാപിത സംവരണം പാലിക്കാറുണ്ടോ ;

(ഇ) ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിലെ 96(V) പ്രകാരമുള്ള നിയമനങ്ങൾക്ക് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യപ്പെട്ടിട്ടില്ല. കെ.എസ്.ഐ.ഡി.സി-യിൽ ഓഫീസർമാരുടെ മൊത്തം എണ്ണത്തിലാണ് സംവരണം കണക്കാക്കുന്നത്.

| | |
|---|---|
| (എഫ്) 2011 ജനുവരി 1-ന് ശേഷം നടത്തിയ നിയമനങ്ങൾ റൂൾ 96 (V) പ്രകാരം വേണ്ട നടപടികൾ പാലിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത നിയമനങ്ങൾ പുനഃപരിശോധിച്ച് പുനർനിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ; | (എഫ്) 2011 ജനുവരി 1-ന് ശേഷം നടത്തിയ നിയമനങ്ങൾ ഓഫീസർ കാറ്റഗറിയിലാണ്. ഇതിനു വേണ്ട നടപടികൾക്ക് കെ.എസ്.ഐ.ഡി.സി-യുടെ 2009-ലെ റിക്രൂട്ട്മെന്റ് & പ്രൊമോഷൻ പോളിസിയാണ് ബാധകം. ഇതിൽ പറഞ്ഞ നടപടികൾ പാലിച്ചിട്ടുണ്ട്. |
| (ജി) കെ.എസ്.ഐ.ഡി.സി-യിലെ വിരമിക്കൽ പ്രായം എത്രയാണ് ; അതിനുശേഷവും തുടരുന്ന ജീവനക്കാർ ഉണ്ടോയെന്ന് വെളിപ്പെടുത്തുമോ ; | (ജി) സ്ഥിരം തസ്തികയിലുള്ളവരുടെ വിരമിക്കൽ പ്രായം 58 ആണ്. 58-ന് ശേഷം കോൺട്രാക്ടിൽ നിയമിക്കാൻ വ്യവസ്ഥയുണ്ട്. |
| (എച്ച്) കെ.എസ്.ഐ.ഡി.സി-യിൽ എത്ര പ്രൈവറ്റ് സെക്രട്ടറിമാർ ഉണ്ടെന്നും അവർ ആരുടെ കൂടെയാണ് ജോലി ചെയ്യുന്നതെന്നും വ്യക്തമാക്കുമോ ; അതിൽ പി.എസ്.സി മുഖേനയല്ലാതെ നിയമനം ലഭിച്ചവർ ഉണ്ടോ ; എങ്കിൽ ആരൊക്കെയാണ് എന്ന് വെളിപ്പെടുത്തുമോ ; | (എച്ച്) 4 പ്രൈവറ്റ് സെക്രട്ടറിമാർ ഉണ്ട്. അവർ എം.ഡി-യുടെ കൂടെയും, ജനറൽ മാനേജരുടെ കൂടെയും, ഡെപ്യൂട്ടി ജനറൽ മാനേജരുടെ കൂടെയുമാണ് ജോലി ചെയ്യുന്നത്.<br><br>പി.എസ്.സി മുഖേനയല്ലാതെ നിയമനം ലഭിച്ചത് ശ്രീ.പി.ശശിധരൻ നായർ. |
| (ഐ) കെ.എസ്.ഐ.ഡി.സി-യിൽ ആശ്രിത നിയമനം നിലവിലുണ്ടോ ; എങ്കിൽ കഴിഞ്ഞ 20 വർഷത്തിനിടയിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട് ; തസ്തിക തിരിച്ച് വിവരം ലഭ്യമാക്കുമോ ; അവരുടെ യോഗ്യത പി.എസ്.സി അംഗീകരിച്ചത് പ്രകാരമാണോ ; അവരുടെ നിയമനം പി.എസ്.സി അംഗീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ? | (ഐ) ഉണ്ട്. ആശ്രിത നിയമനം വഴി ഒരാൾക്ക് അസിസ്റ്റന്റായി നിയമനം നൽകി.<br><br>കെ.എസ്.ഐ.ഡി.സി-യുടെ പി.എസ്.സി സ്പെഷ്യൽ റൂൾസിൽ ആശ്രിത നിയമനം ഉൾപ്പെടുന്നില്ല. ആശ്രിത നിയമനങ്ങൾ കെ.എസ്.ഐ.ഡി.സി-യുടെ ബോർഡ് അംഗീകരിച്ച രീതി പ്രകാരമാണ്. |

സെക്ഷൻ ഓഫീസർ